മാതൃഭൂമി

PALAKKAD EDITION

DATED 25-09-2026

PAGE NO 3 COLUMN NO : 7& 8

# ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് പല്ലശ്ശനയിൽ

**കൊല്ലങ്കോട്▸** ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ഒക്ടോബർ മൂന്നിന് പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. 29-നകം www.throwballkerala.com എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഫോൺ: 9447742821.

ദേശാഭിമാനി

Palakkad Edition

Dated 23-09-2026

Page no : 13 Column no : 1

# ത്രോബോൾ ചാമ്പ്യൻഷിപ്

**കൊല്ലങ്കോട്**

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് ഒക്ടോബർ മൂന്നിന് പല്ലശന വിഐഎം എച്ച്എസ്എസിൽ നടക്കും. പങ്കെടുക്കുന്ന ടീമുകൾ 29ന് മുമ്പ് പ്ലയർ രജിസ്ട്രേഷൻ, ടീം രജിസ്ട്രേഷൻ എന്നിവ www.throwballkerala.com വെബ്സൈറ്റ് വഴി പൂർത്തിയാക്കണം. ഫോൺ: 9447742821.

മലയാള മനോരമ
PALAKKAD EDITION
DATED 24-09-2026
PAGE NO : 8 COLUMN NO : 8

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്

പല്ലശ്ശന ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് ഒക്ടോബർ 3 ന് പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. പങ്കെടുക്കുന്ന ടീമുകൾ 29ന് മുൻപ് പ്ലയർ റജിസ്ട്രേഷൻ, ടീം റജിസ്ട്രേഷൻ എന്നിവ www.throwballkerala.com എന്ന വെബ്സൈറ്റിലൂടെ. 2012 ജനുവരി ഒന്നിന് ശേഷം ജനിച്ചവർക്ക് മത്സരത്തിൽ പങ്കെടുക്കാം. ഫോൺ: 9447742821

ദേശാഭിമാനി

**Palakkad Edition**
**Date 04-10-2026**
**Page no 4 Column no 4,5, 6 &7**

# ത്രോബോൾ: ഫ്രൻഡ്സ് നെന്മാറയും ചലഞ്ചേഴ്സ് പല്ലശനയും ജേതാക്കൾ

**കൊല്ലങ്കോട്**

ജില്ലാ സബ് ജൂനിയർ ത്രോബോൾ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഫ്രണ്ട്സ് ക്ലബ് നെന്മാറയും പെൺകുട്ടികളുടെ വിഭാഗത്തിൽ ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് പല്ലശനയും ജേതാക്കളായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി പല്ലശന, റോയൽ ഇന്ത്യൻ സ്കൂൾ ചിറ്റൂർ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ഫ്രണ്ട്സ് ക്ലബ് നെന്മാറയും രണ്ടാം സ്ഥാനവും ന്യൂവേൽ പബ്ലിക് സ്കൂൾ ചിറ്റൂർ മൂന്നാം സ്ഥാനവും നേടി.

പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മത്സരം പിടിഎ പ്രസിഡന്റ് ആർ മനോജ് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക ബി സ്മിത അധ്യക്ഷയായി. സമാപന ചടങ്ങിൽ പല്ലശന പഞ്ചായത്ത് പ്രസിഡന്റ് കെ രാമദാസ് സമ്മാനങ്ങൾ വിതരണം ചെയ്തു. കെ മണികണ്ഠപ്രസാദ് അധ്യക്ഷനായി. ത്രോബോൾ ഫെഡറേഷൻ അംഗം കെ പ്രദീപ്, സി മിഥുൻ, പി ആർ അശോകൻ, സി മോഹൻദാസ് എന്നിവർ സംസാരിച്ചു. 17ന് നടക്കുന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്ന ജില്ലാ ടീമിനെ തെരഞ്ഞെടുത്തു.



പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശന ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് ടീം



ആൺകുട്ടികളിൽ ജേതാക്കളായ നെന്മാറ ഫ്രൻഡ്സ് ക്ലബ് ടീം

മലയാള മനോരമ

ESTABLISHED 1888

**Palakkad Edition**
**Dated 04-10-2026**
**Page no : 4 Column no : 4, 5,6,7**

# ജില്ലാ സബ് ജൂനിയർ ത്രോബോൾ: കിരീടം നെന്മാറയ്ക്കും പല്ലശ്ശനയ്ക്കും



ജില്ലാ സബ് ജൂനിയർ ത്രോബോൾ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ നെന്മാറ ഫ്രണ്ട്സ് ക്ലബ്.



ജില്ലാ സബ് ജൂനിയർ ത്രോബോൾ മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്.

പല്ലശ്ശന • ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ നെന്മാറ ഫ്രണ്ട്സ് ക്ലബ്ബും പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും ജേതാക്കളായി. ആൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ നെന്മാറ ഫ്രണ്ട്സ് ക്ലബ്ബും രണ്ടാം സ്ഥാനം നേടി. ആൺ വിഭാഗത്തിൽ ചിറ്റൂർ റോയൽ ഇന്ത്യൻ സ്കൂളും പെൺ വിഭാഗത്തിൽ ചിറ്റൂർ ന്യൂൽ പബ്ലിക് സ്കൂളും 3ാം സ്ഥാനത്തെത്തി.

പല്ലശ്ശന വിഐഎം ഹയർസെക്കൻഡറി സ്കൂളിൽ നടത്തിയ ചാംപ്യൻഷിപ് സ്കൂൾ പിടിഎ പ്രസിഡന്റ് ആർ.മനോജ് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക ബി.സ്മിത അധ്യക്ഷയായി. സമാപനയോഗത്തിൽ പല്ലശ്ശന പഞ്ചായത്ത് അധ്യക്ഷൻ കെ.രാമദാസ് സമ്മാനങ്ങൾ കൈമാറി. കെ.മണികണ്ഠപ്രസാദ് അധ്യക്ഷനായി. ത്രോബോൾ ഫെഡറേഷൻ അംഗം കെ.പ്രദീപ്, സംസ്ഥാന ത്രോബോൾ അസോസിയേഷൻ നിരീക്ഷകൻ സി.മിഥുൻ, ജില്ലാ സ്പോർട്സ് കൗൺസിൽ നിരീക്ഷകൻ പി.ആർ.അശോകൻ, സി.മോഹൻദാസ് എന്നിവർ പ്രസംഗിച്ചു.